**പുസ്തകപരിചയം**

# ഉർവരതയുടെ സംഗീതം

**ജൈവകൃഷി (ഒന്നാംഭാഗം)**

**കെ.വി.ദയാൽ**

**90 പുറങ്ങൾ, വില : 20 രൂപ**

*പ്രസാധനം:* **'ഒരേ ഭൂമി ഒരേ ജീവൻ', കടളിക്കാട്ടിൽ, പാലവയൽ – 670511, കാസർഗോഡ് ജില്ല.**

**കേരളത്തിൽ** ജൈവകൃഷി നടത്തുന്നവരിൽ പ്രമുഖനായ കെ.വി.ദയാൽ തന്റെ കൃഷിയനുഭവങ്ങൾ പങ്കുവയ്ക്കുകയാണ് ഈ ചെറുപുസ്തകത്തിൽ. ജൈവകൃഷിയുടെ അടിസ്ഥാന ദർശനവും ആശയങ്ങളും ലളിത ഭാഷയിൽ ഇതിൽ അവതരിപ്പിച്ചിരിക്കുന്നു.

അടിസ്ഥാന തത്വങ്ങളിൽ അടിയുറപ്പ് വേണ്ടത്രയില്ലാതെ ഒരാൾ ജൈവകൃഷിക്ക് ഇറങ്ങിപ്പുറപ്പെടുന്നത് ശരിയല്ല. അത്തരം ആരംഭശൂരന്മാർ ഒന്നോ രണ്ടോ വർഷം ജൈവകൃഷി പരീക്ഷിച്ച് പരാജയമെന്നു പറഞ്ഞ് ഉപേക്ഷിച്ചെന്നു വരും. ഇത്തരം 'പരാജയപ്പെടുന്ന പരീക്ഷണങ്ങൾ' സമൂഹത്തിൽ ജൈവകൃഷിയെക്കുറിച്ച് കൂടുതൽ സംശയമുണ്ടാക്കാനേ ഉപകരിക്കൂ. ഈയൊരു പാശ്ചാത്തലത്തിലാണ് ജൈവകൃഷിക്കിറങ്ങുന്ന ഏതൊരു മലയാളിക്കും ഈ കൊച്ചു പുസ്തകം ഒഴിച്ചുകൂടാനാവാത്ത ഒന്നാവുന്നത്.

ഇന്ത്യയിലെ ഏറ്റവും വലിയ ജൈവകൃഷിയിടമായ ഗുജറാത്തിലെ 'കല്പവൃക്ഷ' യെക്കുറിച്ച് സി.രാജഗോപാലിന്റെ ഒരു സന്ദർശക കുറിപ്പും കൃഷിയും ആരോഗ്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഡോ.പോൾ നീലങ്കാവിൽ എഴുതിയ ഒരു കുറിപ്പും ഈ ഗ്രന്ഥത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. ജൈവകൃഷിയിൽ നവാഗതരായ ഏതാനും കർഷകരുടെ സംശയങ്ങൾക്ക് ശ്രീ. ദയാൽ നൽകുന്ന മറുപടിയും ഇതിലുണ്ട്.

**ശ്രീജേഷ്.കെ**